**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5038** **04-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് വിദ്യാഭ്യാസ പരിഷ്കരണം പൂർണ്ണമായും ഏത് വർഷം മുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാഭ്യാസ അവകാശ നിയമം 2009 മുതൽ നടപ്പാക്കി വരികയാണ്. അതനുസരിച്ചുള്ള പരിഷ്കരണം ഉടൻ പൂർണമായും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഹൈസ്കൂൾ പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുവർഷം മുതൽ മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | 2023 ൽ രൂപീകരിച്ച പാഠ്യപദ്ധതി പ്രകാരമുള്ള പാഠപുസ്തക പരിഷ്കരണം 2024-25 അധ്യയന വർഷത്തിൽ 1, 3, 5, 7, 9 ക്ലാസുകളിൽ നടപ്പാക്കിക്കഴിഞ്ഞു. 2025-26 അധ്യയന വർഷത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലും നടപ്പിലാക്കുകയാണ്. പാഠ്യപദ്ധതി മാറിയതിന് അനുസരിച്ച് കാലാനുസൃതമായി മൂല്യനിർണയ പ്രവർത്തനങ്ങളിലും മാറ്റം വരുത്തേണ്ടതുണ്ട്. ഇതിൻ പ്രകാരം ഈ വർഷം പരിഷ്കരിച്ച പാഠ്യപദ്ധതിയനുസരിച്ച് പരിഷ്കരണം നടന്ന 1, 3, 5, 7, 9 ക്ലാസുകളിൽ ഈ അധ്യയന വർഷവും 2, 4, 6, 8, 10 ക്ലാസുകളിൽ അടുത്ത അധ്യയന വർഷവും വിലയിരുത്തൽ പരിഷ്കാരം നടക്കും. ഇത് സംബന്ധിച്ച മാർഗരേഖ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കും. |
| (സി) | ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള പരിഷ്കരണം എന്നുമുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ഖാദർ **കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.** |
| (ഡി) | ഈ അധ്യയനവർഷം മുതൽ അക്കാദമിക് കലണ്ടറിൽ 220 പ്രവൃത്തിദിനമാക്കിയത് സർക്കാർ നയമാണോ; ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരമാണ് പ്രവൃത്തി ദിനങ്ങൾ 220 ദിവസമായി ക്രമീകരിച്ചത്. ഇത് സംബന്ധിച്ച കോടതി നടപടികൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ